# പതിനാലാം കേരള നിയമസഭ

## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:749** **27.04.2017-ൽ മറുപടിയ്ക്ക്**

## മത്സ്യമേഖലയുടെ വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീ.എം. മുകേഷ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>പ്രൊഫ.കെ.യു. അരുണൻ | ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മത്സ്യമേഖലയുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; | എ) മത്സ്യമേഖലയുടെ വികസനത്തിനായി താഴെപറയുന്ന നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.<br><br>1. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമുളള പദ്ധതികൾ.<br><br>2. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസി പ്പിക്കുന്നതിനുളള പ്രത്യേക പദ്ധതി.<br><br>3. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണ പദ്ധതി.<br><br>4. രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധസഹായം നൽകുന്ന പദ്ധതി.<br><br>5. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ സ്കൂൾ തലത്തിലെ കൊഴിഞ്ഞ് പോക്ക് ഒഴിവാക്കുന്നതിനുളള പദ്ധതി.<br><br>6. വിദ്യാതീരം പദ്ധതി പ്രകാരം പി.എസ്.സി. പരീക്ഷകൾക്കും, ബാങ്ക് ടെസ്റ്റുകൾക്കും സിവിൽ സർവ്വീസ് പരീക്ഷയ്ക്കും സൗജന്യ പരിശീലനം നൽകുന്ന പദ്ധതി.<br><br>7. സ്കൂൾ തലത്തിലുളള പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി.<br><br>8. തീരപ്രദേശത്തെ സ്കൂളുകൾക്കായുളള സ്മാർട്ട് ക്ലാസ്സ് പദ്ധതി.<br><br>9. തീരപ്രദേശത്തെ സ്കൂളുകൾക്കായുളള കിച്ചൺഷെഡ് പദ്ധതി. |

10. സ്കൂളുകളുടെ കളിസ്ഥലം നവീകരിക്കുന്ന പദ്ധതി.

11. കടലാക്രമണ ഭീഷണിയിൽ കടലോരത്ത് നിന്നും 50 മീറ്ററിനുളളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥലത്തേയ്ക്ക് മാറ്റി താമസിപ്പിക്കുന്ന പദ്ധതി.

12. മത്സ്യത്തൊഴിലാളി പെൻഷൻ തുക 600/- ൽ നിന്ന് 1000/- രൂപയായും തുടർന്ന് 1100/- രൂപയായും വർദ്ധിപ്പിച്ചു.

13. പഞ്ഞമാസം ആനുകൂല്യമായി സമ്പാദ്യ സമാശ്വാസ പദ്ധതി തുക 2700/- രൂപയിൽ നിന്ന് 4500/- രൂപയായി വർദ്ധിപ്പിച്ചു.

14. തീരദേശ വിദ്യാലയത്തിന് കായിക പഠന സൗകര്യമേർപ്പെടുത്തുന്ന പദ്ധതി.

ബി) കായൽ അലങ്കാര മത്സ്യകൃഷി പുനരുജ്ജീവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

ബി) ഉണ്ട്.

സി) കടൽ മത്സ്യോൽപ്പാദനം സംസ്ഥാനത്ത് കുറഞ്ഞു വരുന്ന സാഹചര്യത്തിൽ, കടൽ മത്സ്യവിഭവ ശോഷണം കുറയ്ക്കുന്നതിനുള്ള എന്തെല്ലാം ഇടപെടലുകൾ നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

സി) കടൽ മത്സ്യ വിഭവശോഷണം തടയുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു ണ്ട്.

(1) വലിപ്പമെത്താത്ത മത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേന്ദ്ര സമുദ്രജല ഗവേഷണ കേന്ദ്രത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14 ഇനം മത്സ്യങ്ങളെ പിടിയ്ക്കുന്നതിന് നിശ്ചിത വലിപ്പം നിശ്ചയിക്കുകയും, നിശ്ചിത വലിപ്പത്തിൽ കുറഞ്ഞതടി മത്സ്യങ്ങളെ പിടിയ്ക്കുന്നതിന് ശിക്ഷ ഏർപ്പെടുത്തുകയും ചെയ്തു വരുന്നു. ഇതുകൂടാതെ 44 ഇനം മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ പിടിക്കുന്നതിന് കൂടി നിരോധനം ഏർപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്.

(2) മത്സ്യങ്ങളുടെ പ്രജനന കാലമായ മൺസൂൺകാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി പൊരുന്ന മത്സ്യങ്ങളുടെ ചൂഷണം ഒഴിവാക്കുന്നതിന് ശ്രദ്ധിച്ചു വരുന്നു.

(3) അശാസ്ത്രീയവും നിയമവിധേയമല്ലാത്തതുമായ മത്സ്യബന്ധന മുറകളിൽ ഏർപ്പെടുന്ന മത്സ്യബന്ധനയാനങ്ങളെ കണ്ടെത്തി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം അനുസരിച്ച് പിഴ ഏർപ്പെടുത്തുന്നു.

(4) തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ക്രിത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കി വരുന്നു.

(5) കടലിലും കായലിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ പ്രാധാന്യമുളള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.

(6) മത്സ്യബന്ധനത്തിനുപരിയായി മത്സ്യകൃഷിയിലൂടെയും മത്സ്യ ഉൽപ്പാദനം ലക്ഷ്യമിട്ട് മത്സ്യത്തൊഴിലാളികൾ മുഖാന്തിരം കടലിലും കായലിലും മത്സ്യ കൂട് കൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

**സെക്ഷൻ ആഫീസർ**